(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ 31812 കി.മീ. റോഡുകളാണുള്ളത്. ഇതിൽ നഗര പ്രദേശങ്ങളിൽ വരുന്ന വളരെ കുറച്ച് ദൈർഘ്യം മാത്രമേ നടപ്പാത പണിതിട്ടുള്ളൂ. ഇതിന്റെ സ്ഥിതിവിവര കണക്ക് ശേഖരിച്ചു വരുന്നു.

(സി) നഗര പ്രദേശങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ഥല ലഭ്യതയുണ്ടെങ്കിൽ സുരക്ഷിത നടപ്പാത പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

എൻ.എച്ച് . 17 കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ പാലത്തിന്മേലുള്ള ടോൾ

289(4921) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 17 കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ പാലത്തിന്മേലുള്ള ടോൾ പിരിവ് എന്നാണ് ആരംഭിച്ചതെന്നും ഇതുവരെ എത്ര രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇപ്പോഴുള്ള കരാറുകാരന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) ഈ പാലത്തിന് എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) ഈ പാലത്തിന്റെ ടോൾ പിരിവ് എന്ന് അവസാനിപ്പിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 7-6-2012-ലാണ് ടോൾ പിരിവ് ആരംഭിച്ചത്. ഇതുവരെ 17,12,34,375 രൂപ ടോൾ ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) 31-3-2015-ൽ കരാർ കാലാവധി അവസാനിക്കും.

(സി) പാലത്തിന് 13.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചാണ് ദേശീയപാതകളിൽ ടോൾ പിരിക്കുന്നത്. ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം

290(4922) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം എത്രത്തോളമായി എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി യഥാർത്ഥത്തിൽ എന്നാണ് പൂർത്തീകരിക്കേണ്ടത്; യഥാർത്ഥ സമയത്തിനകം തന്നെ നവീകരിച്ച പാത ഗതാഗതത്തിനു തുറന്നു കൊടുക്കുവാൻ സാധിക്കുമോ;

(സി) പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിൽ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ വികസനം ത്വരിതഗതിയിൽ നടന്നു വരുന്നു. ഇപ്പോൾ ഏകദേശം 70% പൂർത്തീകരിച്ചിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപ്പാതയുടെ വികസന പ്രവൃത്തികൾ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണവും കൺസഷണയർന് ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണവും പണി 7-10-2014-ൽ മാത്രമാണ് വീണ്ടും തുടങ്ങാൻ സാധിച്ചത്. ഇപ്പോൾ 5% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരിപ്പാത പൂർത്തിയാക്കേണ്ട സമയപരിധി 13-11-2015 ആണ്. ഈ സമയപരിധിക്കുള്ളിൽ തന്നെ പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയ പരിധി 6-4-2013 ആയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പണി തുടങ്ങുന്നതിനുള്ള സമയം 15-9-2012 ആയി പുനർ നിർണ്ണയിക്കുകയുണ്ടായി. എന്നാൽ ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണം 7-10-2014-ലാണ് കൺസഷണയർ പണി ആരംഭിച്ചത്. 31-3-2016-നകം പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) സ്ഥലം വിട്ടുനൽകുന്നതിലെ പ്രശ്നങ്ങൾ, BOT വ്യവസ്ഥയോടുള്ള പൊതുജനങ്ങളുടെ എതിർപ്പ്, നഷ്ടപരിഹാര തുക ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രശ്നങ്ങൾ തുടങ്ങിയവയായിരുന്നു പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിലുണ്ടായ തടസങ്ങൾ. ഇപ്പോൾ ടി തടസ്സങ്ങളെല്ലാം മാറി 7-10-2014-ൽ പണി ആരംഭിച്ചിട്ടുണ്ട്.

S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ

291(4923) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ, S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ, ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകാരത്തിനായുള്ള അപേക്ഷ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly